LIBRARY ARCHIVES Kerala Legislative Assembly

മേജർ സെക്ഷനുകൾ നിർത്തലാക്കിയ നടപടി

12 [330] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എത്ര മേജർ സെക്ഷൻ ഓഫീസുകളാണ് നിർത്തലാക്കിയത്;

(ബി) ഇപ്രകാരം ഒരു നടപടി കൈക്കൊള്ളുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത മേജർ സെക്ഷൻ ഓഫീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മേജർ സെക്ഷനാഫീസുകൾ നിർത്തലാക്കിയിട്ടില്ല. പുനർരൂപീകരണ ഉത്തരവ് പ്രകാരം സെക്ഷനുകളും, മേജർ സെക്ഷനുകളും സെക്ഷൻ ഓഫീസുകളായി പുനർനാമകരണം ചെയ്യുകയാണുണ്ടായത്. മേജർ സെക്ഷനുപകരം സബ് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ബോർഡിന്റെ പുനഃസംഘടനയുടെ ഭാഗമായി രൂപീകരിച്ച ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ടുപ്രകാരമാണ് മേജർ സെക്ഷനുകൾ എന്ന ആശയം മാറ്റിയത്. പ്രധാനമായും അസിസ്റ്റന്റ് എക്സീക്യൂട്ടീവ് എഞ്ചിനീയർമാരുടെ നിയന്ത്രണത്തിലുള്ള സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമായി വിലയിരുത്തുവാനും നിയന്ത്രിക്കാനുമാണ് ഇങ്ങനെയൊരു മാറ്റം വരുത്തിയത്.

(സി) ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പവർ പർച്ചേസ് എഗ്രിമെന്റും പദ്ധതികളുടെ പൂർത്തീകരണവും

13 [331] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് 1993-1995 കാലത്ത് എത്ര മെഗാവാട്ട് കപ്പാസിറ്റിയുള്ള ഏതെല്ലാം പദ്ധതികൾക്ക് ഏതെല്ലാം സ്വകാര്യ കമ്പനികളുമായി പവർ പർച്ചേസ് എഗ്രിമെന്റുകൾ ഒപ്പുവയ്ക്കുകയുണ്ടായി;

(ബി) മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലും പവർ പർച്ചേസ് എഗ്രിമെന്റിലും ഏതെല്ലാം തീയതികളിലായിരുന്നു കമ്പനികളും സർക്കാരും ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ;

(സി) മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഗവൺമെന്റ് പർച്ചേസ് എഗ്രിമെന്റിൽ ഒപ്പുവച്ച പദ്ധതികളിൽ തെർമ്മൽ പവ്വർ ഉൽപ്പാദിപ്പിക്കാനായിട്ടുള്ളവ എത്രയായിരുന്നു;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ നിലവിൽ വന്നു;

(ഇ) അവശേഷിക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഇപ്പോഴത്തെ നിലപാട് വിശദമാക്കാമോ?

ഉത്തരം

(എ) 1993-95 കാലത്ത് ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് വച്ച സ്വകാര്യ കമ്പനികളും വൈദ്യുതി നിലയങ്ങളുടെ കപ്പാസിറ്റിയും ചുവടെ ചേർക്കുന്നു:

1. സിയാസിൻ എനർജി ലിമിറ്റഡ് (തെർമൽ) 1200 മെഗാവാട്ട്.
2. കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് (ആർ.പി.ജി.) 60 മെഗാവാട്ട്.
3. ഒപ്റ്റിമം ഇന്റർനാഷണൽ (വിൻഡ്) 25 മെഗാവാട്ട്.
4. സുഭാഷ് മാർക്കറ്റിംഗ് ആന്റ് പ്രോജക്ട് ലിമിറ്റഡ് (വിൻഡ്) 25 മെഗാവാട്ട് വീതമുള്ള രണ്ടു പദ്ധതികൾ.

(ബി)

കമ്പനിയുടെ പേര്	*എം.ഒ.യു. ഒപ്പുവച്ച തീയതി*	*പി.പി.എ. ഒപ്പുവച്ച തീയതി*
1. സിയാസിൻ എനർജി ലിമിറ്റഡ്	18-12-1993	6-3-1995
2. കണ്ണൂർ പവർ പ്രോജക്ട്സ് ലിമിറ്റഡ്	9-2-1995	14-3-1996
3. പാലക്കാട് പവർ പ്രോജക്ട്സ്	17-1-1995	15-3-1996
4. കുമാർ എനർജി കോർപ്പറേഷൻ	20-1-1995	15-3-1996
5. ബി.പി.എൽ. പവർ പ്രോജക്ട്സ്	10-1-1994	15-3-1996
6. ഫിനോലക്സ് കേബിൾസ് ലിമിറ്റഡ്	19-1-1995	14-3-1996
7. കാസർഗോഡ് പവർ കോർപ്പറേഷൻ (ആർ.പി.ജി.)	16-11-1995	7-3-1996
8. കാസർഗോഡ് പവർ കോർപ്പറേഷൻ (കോൾബേസ്ഡ്)	3-11-1994	14-3-1996
9. വൈസ് ലിമിറ്റഡ്	16-11-1994	16-3-1996
10. ഒപ്റ്റിമം ഇന്റർനാഷണൽ	30-5-1994	23-8-1996
11. സുഭാഷ് പ്രോജക്ട്സ്	18-5-1994	20-7-1995

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒൻപത്.

(ഡി) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ 60 മെഗാവാട്ട് പദ്ധതിയുടെ ഒന്നാം ഘട്ടമായി 20 മെഗാവാട്ട് ശേഷിയുള്ള ഒരു താപനിലയം മാത്രമേ നിലവിൽ വന്നിട്ടുള്ളൂ.

(ഇ) എം.ഒ.യു. ഒപ്പുവച്ച പദ്ധതികളിൽ വൈസ് ലിമിറ്റഡിന്റെ പദ്ധതി വേണ്ടെന്നു വച്ചു. കാസർഗോഡ് പവർ കോർപ്പറേഷന്റെ 500 മെഗാവാട്ട് പദ്ധതി നടപ്പാക്കാൻ കമ്പനി മുന്നോട്ടു വന്നിട്ടില്ല, കണ്ണൂർ പവർ പ്രോജക്ട്സ്, സിയാസിൻ എന്നിവയ്ക്ക് ടെക്നോ എക്കണോമിക് ക്ലിയറൻസ് ലഭിച്ചുവെങ്കിലും പദ്ധതികൾ ഒന്നും തന്നെ ഇതുവരെയും ആരംഭിച്ചിട്ടില്ല. മിക്ക പദ്ധതികളും ഇന്ധനമായി എൽ.എൻ.ജി. ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ എൽ.എൻ.ജി. ടെർമിനലിന്റെ പൂർത്തീകരണത്തോടുകൂടി മാത്രമേ പദ്ധതികൾ നടപ്പാക്കാൻ കഴിയുകയുള്ളൂ.

എം.എൽ.എ., എം.പി. ഫണ്ട് ഉപയോഗിച്ചുള്ള വൈദ്യുതി വിതരണം

14 [332] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ., എം.പി. എന്നിവരുടെ വികസന ഫണ്ട് ഉപയോഗിച്ച് വൈദ്യുതി വകുപ്പുവഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്ക് പ്രത്യേക റേറ്റ് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എം.എൽ.എ., എം.പി. എന്നിവരുടെ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള കേരള വികസന പദ്ധതി) ജനകീയാസൂത്രണ പദ്ധതിവഴി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് നിശ്ചയിച്ച എസ്റ്റിമേറ്റ് റേറ്റുകൾ ബാധകമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത നിരക്കുകൾ ബോർഡിലെ വിവിധ പദ്ധതികൾക്കുള്ള നിരക്കുകളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ്. വിശദാംശങ്ങൾ അനുബന്ധം 1, 2, 3 ആയി കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly